**യം യമർത്ഥമുപാദത്തേ ദു:ഖേന സുഖഹേതവേ
തം തം ധുനോതി ഭഗവാൻ പുമാൻ ശോചതി യത്കൃതേ
യദധ്രുവസ്യ ദേഹസ്യ സാനുബന്ധസ്യ ദുർമതി:
ധ്രുവാണി മന്യതേ മോഹാദ് ഗൃഹക്ഷേത്രവസൂനി ച (3-30-2)**

കപിലദേവൻ തുടർന്നു:
കാലം, അജ്ഞാനിയായ ഒരുവന് മരണമത്രെ. അവൻ ജനനമരണചക്രങ്ങളാൽ പന്താടപ്പെടുന്നു. ഈ വസ്തുത അറിയാൻപോലും കഴിയാത്ത മന്ദബുദ്ധിയത്രെ അവൻ. എങ്കിലും, ജാഗരൂകനായിരുന്നാൽ അവനും സത്യം കണ്ടെത്താൻ കഴിയും. ഒരുവൻ കഷ്ടപ്പാടും വേദനയും സഹിച്ച് ഉണ്ടാക്കിയെടുക്കുന്നതെന്തും സുഖത്തിനുവേണ്ടിയാണല്ലൊ. എങ്കിലും, കാലമതിനെ നശിപ്പിക്കുമ്പോൾ വിഡ്ഢിയായ മനുഷ്യൻ ദു:ഖിക്കുന്നു. അജ്ഞതാമൂലമായ വിഭ്രാന്തിയിൽ നശ്വരമായ ശരീരത്തെ അവൻ ശാശ്വതമാണെന്നു കരുതി അതിനോടു ചേർന്നുള്ള എല്ലാറ്റിനേയും -വീട്, സ്വത്ത്, വസ്തുവകകൾ- അങ്ങിനെത്തന്നെ കണക്കാക്കുന്നു.

കബളിപ്പിക്കപ്പെട്ട ജീവൻ ആത്മസ്വരൂപമായ സ്വന്തം സ്വഭാവത്തെ തിരിച്ചറിയാതെ നശ്വരമായ ശരീരത്തിൽ ആസക്തനായി കേവലരായ മനുഷ്യരേയും ഉപമനുഷ്യന്മാരേയും സ്നേഹിക്കുന്നു. തുടർച്ചയായി വേദനയ്ക്കും ദു:ഖത്തിനും അടിമപ്പെടുമ്പോഴും മനുഷ്യൻ നശ്വരമായ ഇഹലോക ജീവിതത്തിലെ ക്ഷണപ്രഭാചഞ്ചലമായ സുഖത്തിനുവേണ്ടി കടിച്ചുതൂങ്ങി നിലകൊള്ളുന്നു. ഭഗവാൻെറ മായാശക്തി അപാരം തന്നെ. ഭാര്യ, സ്വത്ത്, കുട്ടികൾ, പണം, പശുക്കൾ എന്നിവയെല്ലാം അവൻെറ അനുഗ്രഹങ്ങളെന്നു കരുതാനുള്ള മൗഢ്യം പോലും അവനുണ്ടാകുന്നു. കുടുംബജീവിതത്തിൽ തികച്ചും ദുരിതമാണെങ്കിൽക്കൂടി അവൻ അതിൽ ആസക്തനായി കഴിഞ്ഞുകൂടുന്നു. ഏതെങ്കിലും പുണ്യകർമ്മങ്ങളിലൂടെ ഈ ദുരിതങ്ങളെ തൽക്കാലത്തേക്കെങ്കിലും ഒഴിവാക്കാൻ സാധിക്കുമ്പോൾ അവൻ സ്വയം അനുഗൃഹീതനെന്നും ഭാഗ്യവാനെന്നും കരുതുന്നു.

ശരിയോ തെറ്റോ ആയ മാർഗ്ഗങ്ങളിലൂടെ നേടിയ സ്വത്തുകൊണ്ട് അവൻ തൻെറ കുടുംബത്തെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. പക്ഷെ സ്വത്തെല്ലാം തീരുമ്പോൾ ഈ കുടുംബം പോലും അവനെ തൃണവൽഗണിക്കുന്നു. എങ്കിലും, വയസ്സായിട്ടും ആഗ്രഹം നശിക്കാത്തവനായി അവൻ മരണം കാത്തു കിടക്കുന്നു. മരണഭീതിയാൽ ബോധം നശിക്കുന്ന അവനിൽ യമദൂതന്മാർ ഒരു സൂക്ഷ്മശരീരം നിക്ഷേപിക്കുന്നു. പിന്നെ നരകത്തിലേക്കുകൂട്ടിച്ചെന്ന് പലേ വിധത്തിലുള്ള പീഢനങ്ങൾക്കിരയാക്കുന്നു. ഭൂമിയിൽച്ചെയ്ത എല്ലാ അധാർമ്മികപ്രവൃത്തികൾക്കും പ്രായശ്ചിത്തം ചെയ്യിക്കുന്നു. അമ്മേ, എങ്കിലും പലേ മാമുനിമാരുടേയും അഭിപ്രായത്തിൽ സ്വർഗ്ഗനരകങ്ങൾ ഇവിടെത്തന്നെയാണ്. ഈ ഭൂമിയിൽത്തന്നെ മരണതുല്യയാതനകളും ദുരിതങ്ങളും നമുക്ക് ദിനേന കാണാവുന്നതാണല്ലോ.

ശരീരവും അതിനെ അവലംബിക്കുന്ന കുടുംബവും സ്വത്തും എല്ലാം ഉപേക്ഷിച്ചിട്ട് സ്വയം ജീവിതകാല ത്താർജ്ജിച്ച പാപങ്ങളുടെ കെട്ടുമായി ജീവൻ പോകുന്നു. നരകത്തിൽ ശിക്ഷകൾ അനുഭവിച്ചശേഷം ആത്മശുദ്ധീകരണത്തിനായി മറ്റുജന്മങ്ങളെടുത്തശേഷം ഏറെക്കാലം കഴിഞ്ഞ് ജീവൻ വീണ്ടും മനുഷ്യജന്മമെടുക്കാൻ ഭൂമിയിലേക്ക് മടങ്ങുന്നു.